# ഗവ. ഹൈസ്കൂൾ
# ഓടപ്പള്ളം



# ACADEMIC
# MASTER PLAN

*"Teamwork Makes the Dreams Work"*

# വിദ്യാലയദർശനം( OUR VISION)

***വിദ്യാലയം -***

''വീടിനേക്കാൾ സന്തോഷകരമായ ഇടം''

''കുട്ടികൾ വരാനിഷ്ടപ്പെടുന്ന ഇടം''

''ജനാധിപത്യബോധം വളരുന്ന ഇടം''

''ക്യാമ്പസ് ഒരു പാഠപുസ്തകമാകുന്ന ഇടം''

''പ്രദേശത്തെ എല്ലാ കുട്ടികൾക്കും പഠിക്കാൻ അന്താരാഷ്ട്രനിലവാരത്തിലുള്ള പഠനസൗകര്യങ്ങൾ ലഭ്യമാകുന്ന ഇടം''

''വികസനത്തിന് ഗ്രാമവും വിദ്യാലയവും കൈകോർക്കുന്ന ഇടം''

''അധ്യാപകരും വിദ്യാർത്ഥികളും തങ്ങളുടെ പ്രവർത്തനങ്ങൾ താൽപ്പര്യപൂർവ്വം നിർവ്വഹിക്കുന്ന ഇടം''

***ക്ലാസ്സ് മുറികൾ -***

''വിജ്ഞാനം നിർമിക്കപ്പെടുന്ന ഇടം''

''ജനാധിപത്യബോധം വളരുന്ന ഇടം''

''ജ്ഞാനനിർമിതിയിലൂന്നിയ കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്ന ഇടം''

''പ്രവർത്തനാധിഷ്ഠിത പഠനം നടക്കുന്ന ഇടം''

''ശിശുകേന്ദ്രീകൃത പഠനം നടക്കുന്ന ഇടം''

''ആധുനിക സാങ്കേതികവിദ്യ വിജ്ഞാനനിർമിതിക്കായി പ്രയോജനപ്പെടുത്തുന്ന ഇടം''

''മൂല്യങ്ങൾ, പെരുമാറ്റരീതികൾ എന്നിവ രൂപപ്പെടുന്ന ഇടം''

''കുട്ടികൾ വെല്ലുവിളി നിറഞ്ഞ പഠനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഇടം''

''ടാലന്റ് ലാബായി മാറ്റപ്പെടുന്ന ഇടം''

''നിർഭയവും സ്വതന്ത്രവുമായി കുട്ടികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്ന ഇടം''

“Brainstorming നടത്തപ്പെടുന്ന ഇടം''

''പഠനപ്രവർത്തനങ്ങൾ കൂട്ടായി നിർവ്വഹിക്കപ്പെടുന്ന ഇടം''

***കുട്ടികൾ -***

''പ്രവർത്തിച്ചു പഠിക്കുന്നവർ''

"ഓരോ വിഷയത്തിലും ഉന്നതനിലവാരത്തിലുള്ള അറിവും അനുഭവവും ആർജിക്കേണ്ടവർ"

"വെല്ലുവിളികൾ ഏറ്റെടുക്കുന്നവർ"

"ജനാധിപത്യബോധത്തിന്റെ ഉടമകൾ"

"മാതൃകയാക്കാവുന്ന പെരുമാറ്റശീലങ്ങൾ ആർജിക്കേണ്ടവർ"

"അധ്യാപികയുടെ പഠനപിന്തുണ ഉപയോഗപ്പെടുത്തി വിജ്ഞാനം കൂട്ടായി ആർജിക്കുന്നവർ"

"ചലനാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്നവർ"

"പഠനം ആസ്വാദ്യകരമാക്കുന്നവർ"

"ഉയർന്ന ഭാഷാശേഷി ആർജിക്കേണ്ടവർ ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി)"

"ശാസ്ത്രബോധത്തിന്റെ ഉടമകളാകേണ്ടവർ"

"സാമൂഹികമൂല്യങ്ങളും ശീലങ്ങളും ചരിത്രബോധവും ആർജിക്കേണ്ടവർ"

"നിത്യജീവിതപ്രശ്നങ്ങൾ നേടിയ വിജ്ഞാനമുപയോഗിച്ച് പരിഹരിക്കേണ്ടവർ"

"തുടർപഠനത്തിനുള്ള  വിജ്ഞാനവും ഉയർന്ന വിഷയധാരണയും സ്വായത്തമാക്കേണ്ടവർ"

***അധ്യാപകർ -***

"ഗവേഷണാത്മകമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"

"ക്ലാസ്സ്മുറിയെ വിജ്ഞാനനിർമിതിക്കുള്ള ഇടമാക്കി മാറ്റുന്നവർ"

"പഠനത്തിൽ പ്രാദേശികസാധ്യത ഉപയോഗപ്പെടുത്തുന്നവർ"

"കുട്ടിയുടെ പ്രകൃതം പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"

"പ്രശ്നങ്ങൾ ഗവേഷണാത്മകമായി പഠിച്ച് പരിഹാരം കണ്ടെത്തുന്നവർ"

"സമയബന്ധിതമായും സർഗാത്മകമായും ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവർ"

"ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ, നിലവാരം എന്നിവ തിരിച്ചറിഞ്ഞ് ഭിന്നനിലവാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നവർ"

# ലക്ഷ്യങ്ങൾ (OUR MISSION)

1. വിവിധ ക്ലാസ്സുകളിലെ നിലവാരത്തിനനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ മാതൃഭാഷയിൽ ആശയവിനിമയം നടത്തുന്നതിനും വിവിധ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

2. ഇംഗ്ലീഷ് ഭാഷയിൽ അനായാസേന ആശയവിനിമയം നടത്തുന്നതിനും വിവിധ discourses ഓരോ ക്ലാസ്സിന്റെയും ഏറ്റവും ഉയർന്ന നിലവാരത്തിൽ ഉപയോഗിക്കുന്നതിനുമുള്ള കഴിവുണ്ടാക്കൽ

3. ഹിന്ദിയിൽ അനായാസേന ആശയവിനിമയം നടത്തൽ, ക്ലാസ്സുകൾക്കനുസരിച്ച് ഏറ്റവുമുയർന്ന നിലവാരത്തിൽ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കാൻ പ്രാപ്തരാക്കൽ

4. ശാസ്ത്രപഠനത്തിലൂടെ നേടേണ്ട എല്ലാ പ്രക്രിയാശേഷികളും ശാസ്ത്രബോധവും ആർജിക്കാൻ കുട്ടിയെ പ്രാപ്തരാക്കൽ, പുതിയ വിജ്ഞാനനിർമിതിക്ക് / കണ്ടെത്തലുകൾക്ക് കുട്ടിയെ പ്രാപ്തരാക്കൽ

5. ശേഖരിക്കപ്പെട്ട വിജ്ഞാനത്തെ അപഗ്രഥിക്കാനും നിലവിലുള്ള സമൂഹത്തെ വിലയിരുത്താനും ഭാവിയെ രൂപകൽപ്പനചെയ്യാനും പ്രാപ്തരാക്കുന്ന വിധത്തിൽ ഓരോ ക്ലാസ്സിലെ കുട്ടികളെയും ഉയർന്ന സാമൂഹ്യശാസ്ത്രപഠനനിലവാരത്തിലെത്തിക്കൽ

6. അനുഭവം, ഭാഷ, ചിത്രം, ബിംബനം എന്നീ ക്രമത്തിൽ ഗണിതാശയങ്ങൾ സ്വായത്തമാക്കാനും ഓരോ ക്ലാസ്സിലെയും ഏറ്റവുമുയർന്ന നിലവാരത്തിൽ ശേഷികൾ ആർജിച്ച് നിത്യജീവിതസന്ദർഭങ്ങളിൽ ഗണിതാശയങ്ങൾ പ്രശ്നപരിഹരണത്തിനായി ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക

7. ചിട്ടയായ പരിശീലനങ്ങൾ, കളികൾ എന്നിവയിലൂടെ ഉയർന്ന ആത്മാഭിമാനവും കായികശേഷിയുമുള്ള കുട്ടികളെ വളർത്തിയെടുക്കൽ, ഉയർന്ന ശാരീരിക- മാനസിക ആരോഗ്യമുള്ള കുട്ടികളായി ഓരോ കുട്ടിയെയും മാറ്റിയെടുക്കൽ.

8. കുട്ടികളിലെ സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി വിവിധ നിർമാണ പ്രവർത്തനങ്ങളിൽ നൈപുണ്യം വളർത്തൽ, സാമ്പത്തികനേട്ടങ്ങൾ ലഭിക്കും വിധം വിവിധ ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ അവരെ പ്രാപ്തരാക്കൽ

9. ഓരോ കുട്ടിയിലും വിവിധ കലാരൂപങ്ങളിലുള്ള കഴിവ് തിരിച്ചറിയാനും തങ്ങളുടേതായ ഒരു മേഖലയിലെങ്കിലും പ്രതിഭയായി കുട്ടിയെ മാറ്റാനും മികച്ച ആസ്വാദകരും വിമർശകരുമാകത്തക്കവിധം കലാപഠനത്തിന്റെ വൈജ്ഞാനിക അടിത്തറ വികസിപ്പിക്കാനും ഉതകുന്ന മികച്ച പരിശീലനം നൽകൽ

10. മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്ന അയൽപ്പക്കവിദ്യാലയമായി

സ്കൂളിനെ മാറ്റി , പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കൽ

11. പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി മാറ്റി കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കൽ

12. മികച്ച ഗവേഷണാത്മക ബോധനമാതൃകകൾ സൃഷ്ടിക്കൽ

13. പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ ഓരോ വിഷയത്തിലും ഏറ്റവുമുയർന്ന നിലവാരത്തിൽ ഓരോ കുട്ടിയേയും എത്തിക്കൽ

14. പ്രാദേശികസാധ്യതകൾ പ്രയോജനപ്പെടുത്തി , പഠനം കൂടുതൽ പരിസരബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമാക്കൽ

15. വിദ്യാലയത്തിലെ ഓരോ ഇടവും ടാലന്റ് ലാബുകളാക്കൽ

16. ഓരോ മേഖലയിലും പ്രതിഭകൾക്കു വേണ്ട പോഷണപ്രവർത്തനങ്ങൾ നൽകൽ

17. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും ആവശ്യമായ കൈത്താങ്ങ് നൽകൽ

# വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

1. കുട്ടികളുടെ  ഹാജരില്ലായ്മയും ക്രമരഹിത ഹാജരും

2. പഠനപ്രവർത്തനങ്ങളിൽ താൽപ്പര്യമില്ലായ്മ

3. ഗോത്രവിഭാഗം കുട്ടികൾ അനുഭവിക്കുന്ന ഭാഷാപരമായ പ്രശ്നങ്ങൾ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ ഉപയോഗിക്കുന്നതിന്)

4. ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ച് ഭാഷാശേഷികൾ ആർജിക്കാത്ത അവസ്ഥ

5. സാമൂഹ്യജിവിതത്തിന് അവശ്യം വേണ്ട പെരുമാറ്റരീതികളുടെ/ശീലങ്ങളുടെ വികാസക്കുറവ്

6. ഓരോ വിഷയത്തിനും ക്ലാസ്സ് നിലവാരത്തിനനുസരിച്ചുള്ള ശേഷികൾ എല്ലാ കുട്ടികളും നേടാത്ത അവസ്ഥ

7. പ്രാദേശികസാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് പൂർണമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ

8. പ്രദേശത്തെ മുഴുവൻ വിദ്യാർത്ഥികളും വിദ്യാലയത്തിലേക്ക് ആകർഷിക്കപ്പെടാത്ത അവസ്ഥ

9. ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ കുറവ്


10. വിവരസാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ

11. പഠനം കുട്ടികൾക്ക് ആസ്വാദ്യകരമാകുന്ന അവസരങ്ങളുടെ കുറവ്

12.  ഓരോ വിഷയത്തിനും കുട്ടികൾക്കു താൽപ്പര്യമുണ്ടാക്കാവുന്ന പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിലെ കുറവ്

13. കുട്ടികളനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും അവ മൂലമുണ്ടാകുന്ന ക്രമരഹിത ഹാജരും പഠനപിന്നാക്കാവസ്ഥയും

# 2025-26 അധ്യയന വർഷം കൂട്ടിച്ചേർത്ത പ്രവർത്തനങ്ങൾ



# അക്കാദമികം

വിഭാഗം: LP-UP-HS

പ്രവർത്തനത്തിന്റെ പേര്: **വരമൊഴി പ്രവർത്തനങ്ങൾ**

ലക്ഷ്യങ്ങൾ:

പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പിന്തുണ നൽകൽ

പ്രവർത്തനം:

ഓരോ ദിവസവും അധ്യാപിക കൈകാര്യം ചെയ്യുന്ന പാഠഭാഗങ്ങളിൽ നിന്നും ലളിതമായ വാക്യങ്ങൾ, ചിത്രങ്ങൾ എന്നിവ കുട്ടികളുടെ സഹായത്തോടെ തയ്യാറാക്കുന്നു. പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾ ഇവ വായിക്കുന്നതിന് നിത്യവും പരിശീലിക്കുന്നു. ഇവ ശേഖരിച്ച് വയ്ക്കുന്നു. ക്രമേണ നിലവാരം ഉയർന്ന പ്രവർത്തനങ്ങൾ നൽകി വരുന്നു. വയനാട് ഡയറ്റ് രൂപീകരിച്ച പ്രവർത്തനത്തിന്റെ അക്കാദമിക പിന്തുണയ്ക്ക് സ്കൂളിൽ അധ്യാപകർക്ക് ഡയറ്റിന്റെ സഹായത്തോടെ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു.

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | ഓരോ വിഷയത്തിന്റെയും അധ്യാപകർ |

## വിഭാഗം: LP-UP-HS

## പ്രവർത്തനത്തിന്റെ പേര്: **ഗോത്രനിഘണ്ടു**

### ലക്ഷ്യങ്ങൾ:

ഗോത്രഭാഷയിലെ പദങ്ങൾ അധ്യാപകർക്ക് മനസ്സിലാക്കുന്നതിനും ഈ വിഭാഗം കുട്ടികളോട് ഇടപഴകുമ്പോഴും ക്ലാസ്സ്മുറി പ്രവർത്തനങ്ങളിലും അവ ഉപയോഗിക്കുന്നതിനും

### പ്രവർത്തനം:

പണിയ, കാട്ടുനായ്ക്ക ഭാഷകളിലെ പൊതുവായി ഉപയോഗിക്കുന്ന വിവിധ പദങ്ങൾ, ലളിത വാക്യങ്ങൾ എന്നിവ അതത് വിഭാഗത്തിലെ കുട്ടികളുടെ സഹായത്തോടെ പട്ടികപ്പെടുത്തുന്നു. നിഘണ്ടുവായി ക്രമീകരിക്കുന്നു. എല്ലാ അധ്യാപകർക്കും ലഭ്യമാക്കുന്നു. ക്ലാസ്സ്മുറി പ്രവർത്തനങ്ങളിലും വർക്ക്ഷീറ്റുകളിലും ഉപയോഗിക്കുന്നു

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | അധ്യാപകരുടെ ചുമതലപ്പെടുത്തിയ ടീം |

വിഭാഗം: LP-UP-HS

പ്രവർത്തനത്തിന്റെ പേര്: **കേരി സാംസ്കാരിക വേദി**

ലക്ഷ്യങ്ങൾ:

ഗോത്രവിഭാഗം കുട്ടികളുടെ ആത്മവിശ്വാസം ഉയർത്തുന്നതിനും ഗോത്രകലകൾ, സംസ്കാരം എന്നിവ പഠിക്കുന്നതിനും പരിശീലനം നടത്തുന്നതിനും സ്കൂളിൽ അവസരമൊരുക്കുന്നതിനും

പ്രവർത്തനം:

സ്കൂളിൽ ഗോത്രവിഭാഗം കുട്ടികളുടെയും ഗോത്രകലകളിൽ താൽപ്പര്യമുള്ള കുട്ടികളുടെയും സാംസ്കാരിക വേദി രൂപീകരിക്കുന്നു. നാടൻപാട്ട്, വട്ടക്കളി തുടങ്ങിയവയുടെ പരിശീലനങ്ങൾ നൽകുന്നു. ഗോത്രകഥകൾ, പാട്ടുകൾ, ചിത്രങ്ങൾ പങ്കു വയ്ക്കുന്നു. ഓരോ മാസവും യോഗങ്ങൾ ചേരുന്നു. വിവിധ ഊരുകളിൽ നിന്നും സ്ഥിരമായി സ്കൂളിലെത്താത്ത കുട്ടികളെ എത്തിക്കാനും കേരി കൂട്ടായ്മ മുൻകയ്യെടുക്കുന്നു. അംഗങ്ങൾക്ക് അംഗീകാരം, അനുമോദനങ്ങൾ നൽകുന്നു. പൊതു അവതരണങ്ങൾ നടത്തുന്നു. പരിശീലനങ്ങൾക്കും കൂടിച്ചേരലുകൾക്കും കേരി ഓപ്പൺ തിയേറ്റർ സജ്ജീകരിക്കുന്നു

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 മുതൽ | ഗോത്രബന്ധു അധ്യാപിക, അനുബന്ധ ടീം |

വിഭാഗം: LP-UP-HS

പ്രവർത്തനത്തിന്റെ പേര്: **സ്കൂൾ സ്റ്റുഡിയോ**

ലക്ഷ്യങ്ങൾ:

കുട്ടികൾക്ക് മാധ്യമപ്രവർത്തനത്തിൽ പരിശീലനം നൽകൽ, വാർത്താവായന, റിപ്പോർട്ടിങ്ങ് തുടങ്ങിയ മേഖലകളിൽ പ്രായോഗിക അനുഭവങ്ങൾ നൽകൽ, അവതരണങ്ങൾക്ക് ആത്മവിശ്വാസം സൃഷ്ടിക്കൽ, പഠനപ്രവർത്തനങ്ങൾക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വീഡിയോകൾ തയ്യാറാക്കല്

പ്രവർത്തനം:

ഓരോ മാസവും മീഡിയാക്ലബ്ബിന്റെ സഹായത്തോടെ വിവിധ മേഖലകളിലുള്ള വാർത്തകൾ ശേഖരിക്കുന്നു. കുട്ടികൾ തന്നെ എഡിറ്റിങ് നടത്തുന്നു. വാർത്തകൾ സ്റ്റുഡിയോയിൽ റിക്കോർഡ് ചെയ്ത് സംപ്രേഷണം ചെയ്യുന്നു. മാധ്യമപ്രവർത്തനത്തിന്റെ അടിസ്ഥാന പാഠങ്ങൾ സംബന്ധിച്ച് ശിൽപ്പശാല നൽകുന്നു. വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ ഗ്രീൻ സ്ക്രീൻ ഉപയോഗിച്ച് തയ്യാറാക്കി അധ്യാപകർക്കു നൽകുന്നു. യൂ ട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്നു.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
| --- | --- |
| 2025-26 | ചുമതലയുള്ള അധ്യാപകർ, ലിറ്റിൽ കൈറ്റ്സ് |

വിഭാഗം: HS

പ്രവർത്തനത്തിന്റെ പേര്: **SSLC വിദ്യാർത്ഥികൾക്ക് ദ്വിദിന 'ഒരുക്കം' ക്യാമ്പ്**

ലക്ഷ്യങ്ങൾ:

പത്താംതരത്തിലെ വിദ്യാർത്ഥികൾക്ക്, പ്രത്യേകിച്ചും ഗോത്രവിഭാഗം കുട്ടികൾക്ക് പഠനത്തിൽ താൽപ്പര്യം സൃഷ്ടിക്കാനും തുടർന്നുള്ള ഹാജർ ഉറപ്പ് വരുത്തുന്നതിനും കുട്ടികൾ തമ്മിലും അധ്യാപകർ തമ്മിലും ആരോഗ്യകരമായ ബന്ധം ഉറപ്പ് വരുത്തുന്നതിനും

പ്രവർത്തനം:

ജൂൺ മാസത്തിൽ സ്കൂളിലെ എല്ലാ പത്താം ക്ലാസ്സ് വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സ്കൂളിൽ രണ്ടു ദിവസത്തെ സഹവാസ ക്യാമ്പ് ഒരുക്കുന്നു. കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, വിവിധ വിഷയങ്ങളുടെ ക്ലാസ്സുകൾ തുടങ്ങിയവ വിവിധ സെഷനുകളിൽ നൽകാം. പി.ടി.എ- എസ്.എസ്.ജിയുടെ പിന്തുണയോടെയാണ് ക്യാമ്പ് ഒരുങ്ങേണ്ടത്.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | പി.ടി.എ- സ്റ്റാഫ് |

## വിഭാഗം:പ്രീ പ്രൈമറി - LP - UP

## പ്രവർത്തനത്തിന്റെ പേര്: **ആക്ടിവിറ്റി ബുക്ക്**

### ലക്ഷ്യങ്ങൾ:

കുട്ടികളിൽ പഠനത്തിൽ താൽപ്പര്യം സൃഷ്ടിക്കൽ, സ്കൂളുമായി അടുപ്പം സൃഷ്ടിക്കൽ, കുട്ടികളുടെ നിലവാരം അളക്കൽ (പ്രീ-ടെസ്റ്റ്)

### പ്രവർത്തനം:

നവാഗതരായ കുട്ടികൾക്ക് പ്രവേശനോത്സവ ദിനത്തിൽ രസകരമായ പ്രവർത്തനങ്ങളുള്ള ആക്ടിവിറ്റി ബുക്ക്, ക്രയോൺസ് എന്നിവ നൽകി സ്വീകരിക്കുന്നു. (മറ്റ് കുട്ടികൾക്കും നൽകാം).

കുട്ടികൾ ചെയ്യുന്ന പ്രവർത്തനം അധ്യാപകർ അനുമോദിക്കുന്നതോടൊപ്പം വിലയിരുത്തുന്നു.

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | LP-UP SRGs |

## വിഭാഗം: HS

## പ്രവർത്തനത്തിന്റെ പേര്: **ഫീൽഡ് ട്രിപ്പുകൾ**

### ലക്ഷ്യങ്ങൾ:

കുട്ടികൾക്ക് പഠനത്തിൽ പ്രചോദനം സൃഷ്ടിക്കൽ, ഗോത്രവിഭാഗം കുട്ടികൾക്കും മറ്റുള്ളവർക്കും നാട്ടിലുള്ള ഉപരിപഠന സാധ്യതകൾ, സംവിധാനങ്ങൾ പരിചയപ്പെടുത്തൽ

### പ്രവർത്തനം:

ജില്ലയിലെ വിവിധ കോളേജുകളിലേക്ക് ഹൈസ്കൂൾ വിഭാഗത്തിലെ കുട്ടികൾക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. ഓരോ ഉപരിപഠനസാധ്യതകൾ മനസ്സിലാക്കാനും പഠിക്കാനുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ കഴിയുന്നു. ഫീൽഡ് ട്രിപ്പ് അനുഭവങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നു

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | സ്റ്റാഫ് - പി.ടി.എ. |

വിഭാഗം: LP-UP-HS

പ്രവർത്തനത്തിന്റെ പേര്: **അതിഥിക്കൊപ്പം അരമണിക്കൂർ /സ്കിൽ ക്ലബ്ബ്**

ലക്ഷ്യങ്ങൾ:

പ്രാദേശിക വിദഗ്ധരുടെ സേവനം സ്കൂളിൽ ഉപയോഗപ്പെടുത്തുന്നതിന്, കുട്ടികളിൽ വിവിധ സ്കില്ലുകൾ വികസിപ്പിക്കുന്നതിന്

പ്രവർത്തനം:

ഓരോ ആഴ്ച്ചയിലും വിവിധ മേഖലകളിൽ പ്രതിഭകളായ വ്യക്തികളുമായി ഉച്ചയ്ക്കുള്ള അരമണിക്കൂർ സ്കൂളിലെ കുട്ടികൾ ഓരോ ക്ലാസ്സിലോ സ്കൂൾ സ്റ്റുഡിയോയിലോ വച്ച് അഭിമുഖം നടത്തുന്നു. സ്റ്റുഡിയോയിൽ വച്ച നടക്കുന്ന അഭിമുഖങ്ങൾ ലൈവായി മറ്റു ക്ലാസ്സിലെ കുട്ടികൾക്കും കാണാൻ അവസരമൊരുക്കുന്നു.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | എസ്.ആർ.ജികൾ, ലിറ്റിൽ കൈറ്റ്സ് |

## വിഭാഗം: LP-UP-HS

## പ്രവർത്തനത്തിന്റെ പേര്: **മ്യൂസിക് ബാൻഡ് & നാടൻപാട്ട് സംഘം**

### ലക്ഷ്യങ്ങൾ:

കുട്ടികളുടെ സംഗീതമേഖലയിലെ കഴിവുകൾ പ്രോത്സാഹിപ്പിക്കുക, സ്കൂളിൽ പൊതുവായ പാട്ട് സംഘങ്ങൾ & ഓർക്കസ്ട്ര ഒരുക്കുക, ഗോത്രവിഭാഗങ്ങളിലെ കുട്ടികളടക്കം അംഗീകാരങ്ങൾ നേടുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനും വേദി സൃഷ്ടിക്കുക

### പ്രവർത്തനം:

സ്കൂളിൽ സ്പോൺസർഷിപ്പോടെ നാടൻപാട്ട് പരിശീലനം നൽകുന്നു. നിലവിലുള്ള മ്യൂസിക്കൽ ഇൻസ്ട്രുമെന്റ്സ് പരിശീലനം കൂടുതൽ കുട്ടികളെ ചേർത്ത് വിപുലീകരിക്കുന്നു. സ്കൂളിൽ പൊതുവായ നാടൻപാട്ട് സംഘം, ഓർക്കസ്ട്ര എന്നിവ ക്രമീകരിക്കുന്നു.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | ചുമതലയുള്ള അധ്യാപകർ |

വിഭാഗം: LP

പ്രവർത്തനത്തിന്റെ പേര്: **ഗോത്രഭാഷയിലെ വർക്ക്ഷീറ്റുകൾ /പഠനസാമഗ്രികൾ**

ലക്ഷ്യങ്ങൾ:

ഗോത്രവിഭാഗം കുട്ടികൾക്ക് ഭാഷാപരമായ ബ്രിഡ്ജിങ് നടത്തുക

പ്രവർത്തനം:

കുട്ടികൾക്ക് ഭാഷാപരമായ ബ്രിഡ്ജിങ് നടത്തുന്നതിനായി ഒന്നാം ക്ലാസ്സിലെ ആദ്യ പാഠങ്ങളിലെ ഭാഗങ്ങൾ ഗോത്രഭാഷയിലേക്ക് മാറ്റിയ വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. ചിത്രങ്ങൾ കുട്ടികൾക്ക് പരിചയമുള്ള ചുറ്റുപാടിൽ നിന്നും എടുക്കുന്നു. ഗോത്രവിഭാഗം കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ താൽപ്പര്യമുണർത്താൻ ഇവ ഉപകരിക്കും.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | ഗോത്രബന്ധു അധ്യാപിക,<br>ക്ലാസ്സ് അധ്യാപകർ |

വിഭാഗം: LP-UP-HS

പ്രവർത്തനത്തിന്റെ പേര്: **വാചാ പരീക്ഷകൾ/അഭിമുഖങ്ങൾ**


ലക്ഷ്യങ്ങൾ:

കുട്ടികളുടെ ഭാഷാശേഷി വേഗത്തിൽ വികസിപ്പിക്കുന്നതിനും പഠനപിന്നോക്കാവസ്ഥയുള്ളവർക്ക് പിന്തുണ നൽകുന്നതിനും സ്വാഭാവികമായി ഭാഷ ഉപയോഗിക്കാൻ അവസരം നൽകുന്നതിനും

പ്രവർത്തനം:

മലയാളം, ഇംഗ്ലീഷ് വിഷയങ്ങളിലെ പാഠഭാഗങ്ങളിലെ സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കാൻ പരിശീലനം നൽകിയ ശേഷം പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് എഴുത്തുപരീക്ഷയ്ക്കൊപ്പം വാചാ പരീക്ഷകളും നടത്തുന്നു. നേരിയ പുരോഗതിക്കു പോലും അംഗീകാരം നൽകുന്നു. എഴുത്തിലേക്കുള്ള പ്രോത്സാഹനമായും ഭാഷാവികാസത്തിന്റെ തുടക്കമായും വാചാ പരീക്ഷകളെ മാറ്റാം.

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | ഭാഷാ അധ്യാപകർ |



വിഭാഗം: LP-UP-HS

പ്രവർത്തനത്തിന്റെ പേര്: **ഗെയിമിഫിക്കേഷൻ**

ലക്ഷ്യങ്ങൾ:

പഠനപ്രവർത്തനങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ രസകരമാക്കി മാറ്റൽ, കുട്ടികളിൽ പഠനതാൽപ്പര്യം വളർത്തൽ, വിലയിരുത്തൽ നടത്തൽ

പ്രവർത്തനം:

വിവിധ ഗെയിമിഫിക്കേഷൻ പ്ലാറ്റ്ഫോമുകളുപയോഗിച്ച് പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഗെയിമുകളാക്കി നൽകുന്നു. വിലയിരുത്തലിനും ഗെയിമിഫിക്കേഷൻ സാധ്യതകൾ ഉപയോഗിക്കുന്നു. ഗെയിമിഫിക്കേഷനിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നു.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | ET Club |

വിഭാഗം: LP-UP-HS

## പ്രവർത്തനത്തിന്റെ പേര്: **പ്രത്യേക പരിശീലനങ്ങൾ**

### ലക്ഷ്യങ്ങൾ:

കുട്ടികളുടെ വിവിധ സ്കില്ലുകൾ വികസിപ്പിക്കുന്നതിന്, കലാ കായിക മേഖലകളിൽ പ്രതിഭകളെ സൃഷ്ടിക്കുന്നതിന്

### പ്രവർത്തനം:

കുട്ടികൾക്ക് ഫുട്ബോൾ, ചിത്രരചന, ഡാൻസ്, അബാക്കസ്, കരാട്ടേ, വോളിബോൾ, ഫുട്ബോൾ എന്നീ പരിശീലനങ്ങൾ നൽകുന്നു. പരിശീലനങ്ങൾ സൗജന്യമായോ പൂർവ്വവിദ്യാർത്ഥികളുടെ സഹകരണത്തോടെ കുറഞ്ഞ ഫീസിലോ നൽകുന്നു. ഗോത്രവിഭാഗം കുട്ടികളുടെ പങ്കാളിത്തം ഓരോ പരിശീലനത്തിലും ഉറപ്പാക്കുന്നു.

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | ചുമതലയുള്ള അധ്യാപകർ |

വിഭാഗം: **അധ്യാപകർക്കുള്ള നൈപുണി വികസനം**

പ്രവർത്തനത്തിന്റെ പേര്: അധ്യാപകർക്കുള്ള ശിൽപ്പശാല

ലക്ഷ്യങ്ങൾ:

അധ്യാപകരുടെ തൊഴിൽപരമായ നൈപുണികൾ വളർത്തുന്നതിന്, അപ്ഡേറ്റ് ചെയ്യുന്നതിന്

പ്രവർത്തനം:

ഇ.ടി. ക്ലബ്ബ്, സ്റ്റാഫ് കൗൺസിൽ എന്നിവയുടെ മേൽനോട്ടത്തിൽ അധ്യാപകർക്ക് നൂതനമായ പഠനസങ്കേതങ്ങൾ തുടങ്ങിയവയിൽ പരിശീലനം നൽകുന്നു

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | ഇ.ടി. ക്ലബ്ബ്, സ്റ്റാഫ് കൗൺസിൽ |

# ഭൗതികം

പ്രവർത്തനത്തിന്റെ പേര്: **കേരി ഓപ്പൺ തിയേറ്റർ**


ലക്ഷ്യങ്ങൾ:

ഗോത്രവിഭാഗം കുട്ടികൾക്ക് കലാപരിശീലനത്തിനും അവതരണത്തിനുമുള്ള സംവിധാനം ഒരുക്കൽ, അംഗീകാരം നേടുന്നതിനും ആത്മാഭിമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടത്തൽ

പ്രവർത്തനം:

സ്കൂൾ ക്യാമ്പസിൽ കേരി എന്ന പേരിൽ സ്പോൺസർഷിപ്പോടെ ഓപ്പൺ തിയേറ്റർ നിർമിക്കുന്നു. ഗോത്രത്തനിമയിൽ നിർമിക്കുന്ന തിയേറ്ററിന്റെ ചുമതലക്കാർ കേരി സാംസ്കാരികവേദിയിലെ കുട്ടികളാണ്. ഗോത്രകലകൾക്ക് തിയേറ്ററിൽ പരിശീലനം നൽകുന്നു. എല്ലാ വിഭാഗം കുട്ടികൾക്കും പരിശീലനം നേടാൻ അവസരമുണ്ട്. ഓരോ മാസവും വിലയിരുത്തൽ യോഗങ്ങൾ, പൊതു അവതരണങ്ങൾ എന്നിവ ഇവിടെ നടക്കുന്നു.

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | എസ്.എസ്.ജി. |



## പ്രവർത്തനത്തിന്റെ പേര്: **ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാൻ**

ലക്ഷ്യങ്ങൾ:

സ്കൂളിൽ ക്രമാനുഗതവും ശാസ്ത്രീയവുമായ ഭൗതികസാഹചര്യ വികസനത്തിനായി ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

പ്രവർത്തനം:

സ്കൂളിൽ ക്രമാനുഗതവും ശാസ്ത്രീയവുമായ ഭൗതികസാഹചര്യ വികസനത്തിനായി ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനായി സ്പോൺസർഷിപ്പ് സംഘടിപ്പിക്കൽ. പ്ലാൻ തയ്യാറാക്കി വിവിധ സർക്കാർ-സർക്കാരിതര ഏജൻസികൾക്ക് മുൻഗണനാക്രമത്തിൽ പ്രൊജക്ട് പ്രപ്പോസലുകൾനൽകൽ.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | പി.ടി.എ. |

## പ്രവർത്തനത്തിന്റെ പേര്: **മ്യൂസിക് റൂം**

### ലക്ഷ്യങ്ങൾ:

കുട്ടികൾക്ക് സംഗീതഉപകരണങ്ങൾ, സംഗീതം എന്നിവ പരിശീലിക്കുന്നതിന് സൗകര്യമൊരുക്കൽ

### പ്രവർത്തനം:

സ്കൂളിൽ മ്യൂസിക് റൂം നിർമിക്കൽ. സംഗീത ഉപകരണങ്ങൾ ക്രമീകരിക്കൽ. സംഗീതം, സംഗീത ഉപകരണങ്ങൾ എന്നിവയിൽ കുട്ടികൾക്ക് പരിശീലനങ്ങൾ നൽകൽ. അവതരണങ്ങള്, വിലയിരുത്തലുകൾ, മെച്ചപ്പെടുത്തലുകൾ എന്നിവ നടത്തൽ.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | പി.ടി.എ. |

## പ്രവർത്തനത്തിന്റെ പേര്: **ആധുനിക സ്കൂൾ ബിൽഡിങ്ങ്**

### ലക്ഷ്യങ്ങൾ:

കുട്ടികൾക്ക് സ്ഥലസൗകര്യത്തോടെയും ആധുനിക ക്ലാസ്സ്മുറി ക്രമീകരണങ്ങളോടെയും പഠിക്കാൻ പുതിയ ക്ലാസ്സ്റൂം ബ്ലോക്കുകൾ നിർമിക്കൽ.

### പ്രവർത്തനം:

സ്കൂളിൽ 15 ക്ലാസ്സ്മുറികളുള്ള പുതിയ ബിൽഡിങ്ങ് നിർമിക്കൽ. സർക്കാർ ഫണ്ടിൽ ബിൽഡിങ്ങ് ലഭിക്കാനുള്ള പ്രവർത്തനങ്ങൾ. തുടർച്ചയായ ഫോളോ അപ്പ് നടത്തൽ.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | പി.ടി.എ. |



## പ്രവർത്തനത്തിന്റെ പേര്: **ഭക്ഷണശാല**

### ലക്ഷ്യങ്ങൾ:

കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് ക്യാമ്പസിൽ ഭക്ഷണശാല ക്രമീകരിക്കൽ

### പ്രവർത്തനം:

കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിന് ആധുനിക രീതിയിലുള്ള ഭക്ഷണശാല ക്രമീകരിക്കൽ. ടേബിളുകൾ, ചെയറുകൾ, വാഷ് ഏരിയ, ഭക്ഷണവിതരണ സ്ഥലം എന്നിവ ആധുനിക അടുക്കളയോടും ഫർണിച്ചറോടും കൂടി തയ്യാറാക്കൽ.

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | പി.ടി.എ. |

## പ്രവർത്തനത്തിന്റെ പേര്: **ഗോത്രപൈതൃക മ്യൂസിയം**

### ലക്ഷ്യങ്ങൾ:

ഗോത്രവിഭാഗം കുട്ടികളെ ആത്മവിശ്വാസമുള്ളവരാക്കി മാറ്റാനും ഗോത്രസംസ്കാരം, കലകൾ എന്നിവ എല്ലാ വിഭാഗം കുട്ടികൾക്കും പരിചയപ്പെടുത്തുന്നതിന്

### പ്രവർത്തനം:

വിവിധ ഗോത്രവിഭാഗങ്ങൾ ഉപയോഗിച്ചതോ ഉപയോഗിച്ച് വരുന്നതോ ആയ ഉപകരണങ്ങൾ ക്രമീകരിച്ച് ഗോത്രപൈതൃകമ്യൂസിയം തയ്യാറാക്കൽ. ഉപകരണങ്ങൾ ഗോത്രവിഭാഗം കുട്ടികളുടെ സഹായത്തോടെ ലേബൽ ചെയ്യൽ. ഉപകരണങ്ങൾ മറ്റുകുട്ടികൾക്കും മറ്റുള്ളവർക്കും  പരിചയപ്പെടുത്താൻ മ്യൂസിയം സൂക്ഷിപ്പുകാരായി ഗോത്രവിഭാഗം കുട്ടികൾക്കു തന്നെ ചുമതല നൽകൽ.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | ചുമതലയുള്ള അധ്യാപകർ |

# സാമൂഹികം

പ്രവർത്തനത്തിന്റെ പേര്: **പി.എസ്.സി. പരീക്ഷാ പരിശീലനം**

ലക്ഷ്യങ്ങൾ:

പ്രദേശത്തെ ഗോത്രവിഭാഗങ്ങളിലും മറ്റു വിഭാഗങ്ങളിലുമുള്ള ഉദ്യോഗാർത്ഥികൾക്ക് പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയിൽ പി.എസ്.സി. പരീക്ഷാ പരിശീലനം നൽകൽ

പ്രവർത്തനം:

പ്രദേശത്തെ ഗോത്രവിഭാഗങ്ങളിലും മറ്റു വിഭാഗങ്ങളിലുമുള്ള ഉദ്യോഗാർത്ഥികൾക്ക് പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയിൽ പി.എസ്.സി. പരീക്ഷാ പരിശീലനം നൽകുന്നു. ഇതിനായി അവധി ദിനങ്ങളിൽ ക്ലാസ്സുകൾ നൽകാൻ പൂർവ്വവിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | പൂർവ്വവിദ്യാർത്ഥി സംഘടന |

## പ്രവർത്തനത്തിന്റെ പേര്: **ഊര് വിദ്യാകേന്ദ്രങ്ങൾ**

### ലക്ഷ്യങ്ങൾ:

പ്രദേശത്തെ ഊരുകളിൽ കുട്ടികൾക്ക് പഠനസൗകര്യമൊരുക്കൽ

### പ്രവർത്തനം:

മാടക്കുണ്ട്, ആനപ്പന്തി, കല്ലൂർക്കുന്ന് ഊരുകളിൽ സാമൂഹ്യപഠനമുറി ഒരുക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പിന്റെ സഹായം തേടൽ. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്, ബത്തേരി നഗരസഭ എന്നിവയുടെ കൂടെ സഹായത്തോടെ ഊര് വിദ്യാകേന്ദ്രങ്ങൾ ഒരുക്കൽ

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | പി.ടി.എ. |

## പ്രവർത്തനത്തിന്റെ പേര്: **ഊര് വിദ്യാഭ്യാസ സമിതികൾ**

ലക്ഷ്യങ്ങൾ:

ഓരോ ഊരുകളിലും കുട്ടികൾക്ക് പഠനപിന്തുണ നൽകുന്നതിന് ഊര് വിദ്യാഭ്യാസസമിതികൾ രൂപീകരിക്കൽ

പ്രവർത്തനം:

ഓരോ ഊരിലും വിദ്യാഭ്യാസമുള്ളവരും താൽപ്പര്യമുള്ളവരുമായ വ്യക്തികളെ ഉൾപ്പെടുത്തി ഊര് വിദ്യാഭ്യാസസമിതി രൂപീകരിക്കൽ. ഇവർക്ക് സ്കൂളിൽ വച്ച് പരിശീലനം നൽകൽ. കുട്ടികൾക്ക് വേണ്ട പഠനപിന്തുണാ സാമഗ്രികൾ വിതരണം ചെയ്യുന്നതിനും സ്കൂളിൽ വരാത്ത കുട്ടികളെ എത്തിക്കുന്നതിനും ചുമതല നൽകൽ.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | പി.ടി.എ. |

## പ്രവർത്തനത്തിന്റെ പേര്: **ഗൃഹസന്ദർശനങ്ങൾ**

### ലക്ഷ്യങ്ങൾ:

ഓരോ കുട്ടിയുടെയും കുടുംബപശ്ചാത്തലം മനസ്സിലാക്കുന്നതിനും കുട്ടിയെ അറിഞ്ഞ് പഠനപിന്തുണ നൽകുന്നതിനും ഗൃഹസന്ദർശനങ്ങൾ നടത്തൽ

### പ്രവർത്തനം:

സ്കൂളിലെ ഓരോ കുട്ടിയുടെയും കുടുംബപശ്ചാത്തലം മനസ്സിലാക്കുന്നതിനും കുട്ടിയെ അറിഞ്ഞ് പഠനപിന്തുണ നൽകുന്നതിനും ഗൃഹസന്ദർശനങ്ങൾ നടത്തൽ. എല്ലാ കുട്ടികളുടെയും വീടുകളിൽ അധ്യാപകർ ഗ്രൂപ്പുകളായി തിരിഞ്ഞ് സന്ദർശനം നടത്തൽ. പി.ടി.എയുടെ സഹായത്തോടെ പ്രവർത്തനം പൂർത്തിയാക്കൽ.

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | സ്റ്റാഫ്, പി.ടി.എ. |

# പ്രവർത്തനത്തിന്റെ പേര്: **ഫോൺ ഡയറക്ടറി**

## ലക്ഷ്യങ്ങൾ:

സ്കൂളിലെ മുഴുവൻ കുട്ടികൾ, അധ്യാപകർ, പി.ടി.എ – എസ്.എസ്.ജി അംഗങ്ങൾ, റിസോഴ്സ് പേഴ്സണുകളായി ഉപയോഗിക്കാവുന്ന പൂർവ്വവിദ്യാർത്ഥികൾ, സ്കൂളിന്റെ ഓരോ സേവനങ്ങൾക്കും വിളിക്കേണ്ട സ്കിൽഡ് വർക്കേഴ്സ് തുടങ്ങിയവരുടെ ഫോൺ നമ്പറുകൾ ചേർത്ത് ഡയറക്ടറി തയ്യാറാക്കൽ

## പ്രവർത്തനം:

സ്കൂളിലെ മുഴുവൻ കുട്ടികൾ, അധ്യാപകർ, പി.ടി.എ – എസ്.എസ്.ജി അംഗങ്ങൾ, റിസോഴ്സ് പേഴ്സണുകളായി ഉപയോഗിക്കാവുന്ന പൂർവ്വവിദ്യാർത്ഥികൾ, സ്കൂളിന്റെ ഓരോ സേവനങ്ങൾക്കും വിളിക്കേണ്ട സ്കിൽഡ് വർക്കേഴ്സ് തുടങ്ങിയവരുടെ ഫോൺ നമ്പറുകൾ ചേർത്ത് ഡയറക്ടറി തയ്യാറാക്കൽ

| നിർവ്വഹണ കാലയളവ് | ചുമതല |
|---|---|
| 2025-26 | സ്കൂൾ ഓഫീസ് |

## പ്രവർത്തനത്തിന്റെ പേര്: **ജാഗ്രതാ സമിതി**

### ലക്ഷ്യങ്ങൾ:

ഗോത്രമേഖലകളിലെ ബാലവേല, ബാലവിവാഹം തുടങ്ങിയവ തടയാൻ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

### പ്രവർത്തനം:

ഗോത്രമേഖലകളിലെ ബാലവേല, ബാലവിവാഹം തുടങ്ങിയവ തടയാൻ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, ഓരോ ഊരുകളിലും കവലകളിലും ബാലവേല, ബാലവിവാഹം എന്നിവയ്ക്കെതിരെ പരാതിപ്പെടേണ്ട നമ്പറുകൾ വച്ച് ബോർഡുകൾ സ്ഥാപിക്കൽ

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | പി.ടി.എ. |

## പ്രവർത്തനത്തിന്റെ പേര്: **മെഡിക്കൽ ക്യാമ്പ്**

### ലക്ഷ്യങ്ങൾ:

ഗോത്രമേഖലകളിൽ കുട്ടികൾക്കും മുതിർന്നവർക്കുമുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കുട്ടികളുടെ ഹാജർ ഉറപ്പാക്കുന്നതിന്

### പ്രവർത്തനം:

ആരോഗ്യവകുപ്പ്, പ്രദേശത്തെ വായനശാലകൾ എന്നിവയുടെ സഹകരണത്തോടെ സ്കൂൾ പ്രദേശത്തെ ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ, കുട്ടികൾക്കും മുതിർന്നവർക്കും ആവശ്യമായ വൈദ്യസഹായം നൽകൽ.

| **നിർവ്വഹണ കാലയളവ്** | **ചുമതല** |
|---|---|
| 2025-26 | പി.ടി.എ. |